**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5445** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വ്യാഖ്യാതാവിന്റെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എസ്.എസ്.എൽ.സി.,ഹയർ സെക്കൻഡറി പരീക്ഷകൾ എഴുതുവാൻ തയ്യാറെടുക്കുന്ന ഭിന്നശേഷിക്കാരായ സവിശേഷ സഹായം ആവശ്യമുള്ള കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിനായി സഹായിയുടെയോ വ്യാഖ്യാതാവിന്റെയോ സേവനം ആവശ്യമായിവരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. സമഗ്ര ശിക്ഷ കേരളയുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പൊതുപരീക്ഷ എഴുതുന്ന അർഹതയുള്ള കുട്ടികൾക്ക് വ്യാഖ്യാതാവായി പ്രവർത്തിച്ചു വരുന്നു.** |
| (ബി) | എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പരീക്ഷകളിൽ വ്യാഖ്യാതാവായി സേവനമനുഷ്ഠിക്കുന്ന വിവിധ ബി.ആർ.സി. കളിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് 2023 മാർച്ച് 1 മുതൽ സമഗ്ര ശിക്ഷാ കേരള റെസിഡൻഷ്യൽ ട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ 2023 ഫെബ്രുവരി 27 ന് ആരംഭിക്കുന്ന മോഡൽ പരീക്ഷകൾക്ക് അവരുടെ സേവനം മേൽപ്പറഞ്ഞ കുട്ടികൾക്ക് ലഭിക്കാതെ വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പൊതുപരീക്ഷയ്ക്കും മോഡൽ പരീക്ഷയ്ക്കും വ്യഖ്യാതാവായി പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ആയതിന് തടസ്സം ഉണ്ടാകാതെ പരിശീലനം പൂർത്തീകരിക്കുന്നതിന് നിലവിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സാധിക്കും. പരീക്ഷയിൽ വ്യാഖ്യാതാവായി പ്രവർത്തിക്കുന്ന സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് തടസ്സം വരാത്ത വിധത്തിൽ പരിശീലനം ക്രമപ്പെടുത്താൻ ബന്ധപ്പെട്ട എല്ലാപേർക്കും നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | മാർച്ച് 9 ന് ആരംഭിക്കുന്ന എസ്.എസ്.എൽ.സി., ഹയർസെക്കൻഡറി പരീക്ഷകളിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഈ അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പൊതുപരീക്ഷയ്ക്കും മോഡൽ പരീക്ഷയ്ക്കും വ്യഖ്യാതാവായി പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ആയതിന് തടസ്സം ഉണ്ടാകാതെ പരിശീലനം പൂർത്തീകരിക്കുന്നതിന് നിലവിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സാധിക്കും. പരീക്ഷയിൽ വ്യാഖ്യാതാവായി പ്രവർത്തിക്കുന്ന സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് തടസ്സം വരാത്ത വിധത്തിൽ പരിശീലനം ക്രമപ്പെടുത്താൻ ബന്ധപ്പെട്ട എല്ലാപേർക്കും നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ